"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്

നമ്പർ.ഡി.ബി2/503/2022/ത.സ്വ.ഭ.വ

05-01-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം:- തസ്വഭവ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി 10% ടെണ്ടർ എക്സസ് - സംബന്ധിച്ച്

സൂചന:-
1) 20/12/2022- ലെ താങ്കളുടെ ഡി.ബി.3/5215/2013/LID&EW നം. കത്ത്.
2) 24/08/2015-ലെ സ.ഉ(അച്ചടി) നം.375/15/ധന
3) 06/02/2017 ലെ ജി.ഒ(പി) നം.16/2017/ഫിൻ
4) 20/11/2022-ലെ സ.ഉ(കൈ) നം.204/2022/ധന.
5) 04/01/2022-ലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടെണ്ടർ എക്സസുമായി ബന്ധപ്പെട്ട സൂചന 2-ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ തരം ടെണ്ടർ നടപടികൾക്കും 10% ടെണ്ടർ എക്സസ് അനുവദിച്ചു കൊണ്ട് അതിൽ ഉത്തരവായിട്ടുണ്ട്. 5 ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ 2023 മാർച്ച് 31 വരെ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കികൊണ്ട് സൂചന (4) പ്രകാരം ഉത്തരവായിട്ടുണ്ട്. 10% ടെണ്ടർ എക്സസ് അനുവദിച്ച ഉത്തരവ് നേരത്തെ തന്നെ നിലനിൽക്കുന്നതിനാൽ, മാന്വൽ ടെണ്ടർ ആയി ക്ഷണിക്കുന്ന പ്രസ്തുത മരാമത്ത് പ്രവൃത്തികൾക്കും 10% വരെ ടെണ്ടർ എക്സസ് അനുവദിക്കാവുന്നതാണെന്ന വിവരം അറിയിക്കുന്നു.

സൂചന (5)-ലെ കത്ത് റദ്ദ് ചെയ്തു എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
SREEKALA R
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
**Signed by Reenamma P A**
**Date: 05-01-2023 17:00:57**
സെക്ഷൻ ഓഫീസർ.